ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഈ സംഭവത്തെപ്പറ്റി വീണ്ടും അന്വേഷിക്കാമെന്നും അതിനാവശ്യമായ നടപടികളും എടുക്കാമെന്നും ഉറപ്പു പറഞ്ഞിരിക്കുന്നസ്ഥിതിക്കു് ഈ അടിയന്തിരപ്രമേയത്തിനു അനുമതി നൽകുന്നില്ല.

Calling Attention Under Rule—61

Strike by the students of the Nityananda Polytechnic at Kanhangad.

ഡെപ്യൂട്ടി സ്പീക്കർ: കാഞ്ഞങ്ങാട്ടു് നിത്യാനന്ദ പോളിടെക്നിക്കിലെ വിദ്യാർത്ഥികളും പഠിപ്പുമുടക്കിയതുമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ. എൻ. കെ. ബാലകൃഷ്ണൻ റൂൾ 61 അനുസരിച്ചു് ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്. അതേപ്പറ്റി ശ്രീ. എൻ. കെ. ബാലകൃഷ്ണനു് സംസാരിക്കാം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, കാഞ്ഞങ്ങാട്ടു് നിത്യാനന്ദ പോളിടെക്നിക്കിലെ വിദ്യാർത്ഥികളും ഒന്നാം തീയതി മുതൽ പഠിപ്പുമുടക്കിയതുമൂലം ഗുരുതരമായ സംഘർഷാവസ്ഥ ഉളവായിരിക്കുകയാണു്. ഈ സ്ഥാപനം ആരംഭിച്ചിട്ടു് നാലുകൊല്ലമായി. അവിടത്തേക്കാവശ്യമായ ഉപകരണഗ്രാന്റു് അഡ്വാൻസായി ഒരു ലക്ഷം രൂപ അനുവദിച്ചുകൊടുത്തിട്ടുള്ളതല്ലാതെ ഇതുവരെയായിട്ടും ഗവണ്മെൻറിൽനിന്നും മറ്റു യാതൊരാനുകൂല്യവും ലഭിച്ചിട്ടില്ല. വിദ്യാലയം ശരിക്കു് നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ യാതൊരു സഹകര്യവുമില്ലാതാണു് ഇരിക്കുന്നതു്. അവിടെ വിദ്യാർത്ഥികൾക്കു് സൗകര്യമായിട്ടിരുന്നു് പഠിക്കുന്നതിനാവശ്യമായ കസേര മേശകളോ മറ്റുപകരണങ്ങളോ ഒന്നുംതന്നെ ഇല്ല. ഇപ്പോൾ അവിടത്തേക്കു് ഗവണ്മെൻറു് ഡെപ്യൂട്ടു് ചെയ്ത പ്രിൻസിപ്പലും മാനേജ്മെൻറും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തെത്തുടർന്നു്, പ്രിൻസിപ്പൽ വിദ്യാർത്ഥികളെ പ്രേരിപ്പിച്ചതുകൊണ്ടാണു് വിദ്യാർത്ഥികൾ പഠിപ്പു മുടക്കിയതെന്നാണു് മാനേജ്മെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള പരാതി. അവിടെനിന്നും മൂന്നു കൊല്ലത്തെ പഠിത്തവും പൂർത്തിയാക്കി വിദ്യാർത്ഥികൾ പുറത്തിറങ്ങുകയും ചെയ്തിട്ടുണ്ടു്. എന്തായാലും കേരളത്തിന്റെ പല ഭാഗത്തുനിന്നും അവിടെ പഠിക്കുന്നതിനുവേണ്ടി ചെന്നിട്ടുള്ള വിദ്യാർത്ഥികളുണ്ടു്. അവർക്കു് പഠിത്തം തുടർന്നുകൊണ്ടു പോകുന്നതിനാവശ്യമായ അന്തരീക്ഷം ഉണ്ടാക്കികൊടുക്കുന്നതിനു് ഗവണ്മെൻറിൽനിന്നും ആവശ്യമായ നടപടികളും അടിയന്തിരമായിട്ടെടുക്കണമെന്ന മാത്രമാണു് എനിക്കു് ഈ സന്ദർഭത്തിൽ പറയുവാനുള്ളതു്

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ റൂൾ 61 അനുസരിച്ചു് ഇവിടെ പറഞ്ഞതു്, കാഞ്ഞങ്ങാട്ടുള്ള നിത്യാനന്ദ പോളിടെക്നിനിക്കിലെ വിദ്യാർത്ഥികളും പഠിപ്പുമുടക്കിയതു് ഗവണ്മെൻറിൽനിന്നും ഡെപ്യൂട്ടു് ചെയ്ത പ്രിൻസിപ്പളും അവിടത്തെ മാനേജ്മെൻറും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തെത്തുടർന്നു് പ്രിൻസിപ്പൽ വിദ്യാർത്ഥികളെ പഠിപ്പുമുടക്കാൻ പ്രേരിപ്പിച്ചതുകൊണ്ടാണെന്നാണു്. എന്തായാലും സത്യമാണെങ്കിൽ ഇതു് വളരെ ഗൗരവാവഹമായ ഒരു സംഗതിയാണു്. ഇതിനെപ്പറ്റി പൂർണ്ണമായിട്ടു് അന്വേഷിച്ചതിനുശേഷമേ ഒരു മറുപടി പറയാൻ സാധിക്കുകയുള്ളൂ. ഗവണ്മെൻറിൽനിന്നും അന്വേഷിച്ചു് ഈ പ്രശ്നം എങ്ങനെ ഒഴിവാക്കാൻ കഴിയുമെന്നുള്ളതു് നോക്കാം. കഴിയുന്നതുംവേഗം ഇതിലൊരു തീരുമാനമെടുത്തു ഈ പ്രശ്നത്തിനു് പരിഹാരം ഉണ്ടാക്കാവുന്നതാണു്.

ഡെപ്യൂട്ടി സ്പീക്കർ: മുപ്പതിൽപരം വർഷം പഴക്കമുള്ള കണയന്നൂർ താലൂക്കിലെ ഹരിജൻ കോളനിയിലെ താമസക്കാർക്കു് അവരുടെ കൈവശമിരിക്കുന്ന സ്ഥലത്തിനു പട്ടയം കൊടുക്കുന്നതിനും തടിവില വാങ്ങിക്കാതിരിക്കുന്നതിനും ആവശ്യമായ ഉത്തരവു് ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതിനുവേണ്ടി റൂൾ 61 അനുസരിച്ചു് ഒരു

LIBRARY ARCHIVES Kerala Legislative Assembly

നോട്ടീസ് ശ്രീ. ടി. കെ. രാമകൃഷ്ണൻ നൽകിയിട്ടുണ്ട്. അത് മേൽനടപടികൈക്കൊള്ളുവാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രിക്ക് അയച്ചുകൊടുക്കാം.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ഞാൻ ഒരു നോട്ടീസ് നൽകിയിരുന്നു. അതിനെപ്പറ്റി ഒന്നും പറഞ്ഞുകേട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: അതിനെപ്പറ്റി നാളെ നോക്കാം.

PAPERS LAID ON THE TABLE

Education Minister (**Shri C. H. Mohammed Koya**): Sir, I lay on the Table a copy of the Notification G. O. (P) No. 256/69/Edn. dated 21st June 1969 (S. R. O. No. 264/69) issued by the Government under section 36 of the Kerala Education Act, 1958 (6 of 1959) containing amendment to the Kerala Education Rules, 1959.

Mr. Deputy Speaker: Now we will pass on to Legislative Business.

LEGISLATIVE BUSINESS

The Kerala Land Reforms (Amendment) Bill, 1968

Clause 2 (e)

Mr. Deputy Speaker: Yesterday the Hon. Revenue Minister promised to move an amendment to Clause 2 (e), ie. for the definition of 'holding'.

Revenue Minister (**Smt. K. R. Gouri**): I move: In clause 2 sub-clause(e) (In Explanation I of sub-section (17) of section 2 proposed to be substituted), after the words "has been severed" insert the words, brackets and figures "before the commencement of the Kerala Land Reforms (Amendment) Act, 1969".

ഈ ഭേദഗതിപ്രകാരം ക്ലാസ് ഇങ്ങനെ വായിക്കും.

"*Explanation I.*—Where by act of parties or by operation of law, the interest of the tenant in his holding has been severed before the commencement of the Kerala Land Reforms (Amendment) Act, 1969, splitting up the holding into two or more parts, or where a portion of the holding has been sub-leased, before the commencement of this Act, each such part or, as the case may be, each of the portions retained by the tenant and sub-leased, shall be deemed to be a separate holding."

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, റവന്യൂ മിനിസ്റ്റർ കൊണ്ടുവന്നിട്ടുള്ള ഓറൽ ഭേദഗതി ഇന്നു ഞങ്ങൾക്ക് കിട്ടുകയുണ്ടായി. അതുംകൂടി ഹോൾഡിംഗിന്റെ ഡഫനിഷനിൽ ചേർക്കുകയാണെങ്കിൽ നാം ഈ ബിൽ കൊണ്ടുവന്നതിന്റെ ഉദ്ദേശം നടപ്പിലാക്കാൻ സാധിക്കുകയില്ല. സെക്ഷൻ 48, 49 ഉണ്ടെങ്കിലും അതനുസരിച്ച് ഹോൾഡിംഗ് സെപ്പറേറ്റ ചെയ്തിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള ആപ്ലിക്കേഷൻ കൊടുത്തില്ലെങ്കിൽ സാധിക്കുകയില്ല. ഈ ഭേദഗതികൂടിയായാൽ രണ്ട് റെസ്ട്രിക്ഷൻ വരാനുള്ള സാദ്ധ്യതയുണ്ട്. ഒന്നാമത്തെ സെക്ഷൻ 48, 49 അനുസരിച്ച് പെറ്റീഷൻ കൊടുക്കാമെന്നും പറഞ്ഞിട്ട് അതു ഇന്ന തീയതിക്കുള്ളിൽ വേണമെന്നു പറഞ്ഞാൽ ആക്റ്റ് ഓഫ് പാർട്ടീസ് അനുസരിച്ചും ഓപ്പറേഷൻ ഓഫ് ലാ അനുസരിച്ചും ഹോൾഡിംഗ് ആകുമോയെന്നുള്ള കാര്യം സംശയമാണ്. എന്റെ സംശയം

LIBRARY ARCHIVES Kerala Legislative Assembly